**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1504** **10-10-2024 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിലെ ഭൂമി തരം മാറ്റാനുള്ള അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഭൂമി തരം മാറ്റാനും,ഡാറ്റാ ബാങ്കിൽ നിന്ന് ഒഴിവാക്കാനും എത്ര അപേക്ഷകൾ നാദാപുരം മണ്ഡലത്തിൽ തീർപ്പാക്കാനുണ്ടെന്ന് വില്ലേജ് അടിസ്ഥാനത്തിലുള്ള വിവരം ലഭ്യമാക്കാമോ; | (എ) | ഭൂമി തരം മാറ്റുന്നതിനും, ഡാറ്റാ ബാങ്കിൽ നിന്ന് ഒഴിവാക്കുന്നതിനുമായി നാദാപുരം മണ്ഡലത്തിൽ തീർപ്പാക്കാനുള്ള അപേക്ഷകളുടെ വില്ലേജ് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വില്ലേജുകളിൽ ലൈഫ് ഭവന നിർമ്മാണ പദ്ധതിയിലേക്ക് ഉൾപ്പെടെയുള്ള അപേക്ഷകൾ സംബന്ധിച്ച് ആർ.ഡി.യ്ക്ക് യഥാസമയം റിപ്പോർട്ട് നൽകാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ? | (ബി) | ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ (ഫാറം 5 ഉൾപ്പടെ) പ്രോസസ്സ് ചെയ്യുന്നത് ലളിതമാക്കുന്നതിനും എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസുകളിലും ഏകീകൃതമായ രീതിയിൽ ഭൂമി തരം മാറ്റ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനും, പരമാവധി വേഗത്തിൽ അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുക എന്ന ലക്ഷ്യത്തോടെയും തയ്യാറാക്കി നടപ്പിലാക്കി വരുന്ന സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയറിൽ, ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടതും വീട് അനുവദിച്ച് നൽകിയതുമായ കേസ്സുകളിൽ, പ്രസ്തുത അപേക്ഷകൾക്ക് മുൻഗണന നൽകി തീർപ്പ് കൽപ്പിക്കേണ്ടതാണെന്ന് നിർദ്ദേശം നല്കിയിട്ടുള്ളതാണ്<br><br>ഇപ്രകാരം, ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട തരം മാറ്റ അപേക്ഷകളിന്മേൽ മുൻഗണനാക്രമം പാലിച്ച്, ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാരും കൃഷി ഓഫീസർമാരും അടിയന്തര നടപടിയെടുത്ത് വരുന്നതായി, റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

| വില്ലേജ് | തീർപ്പാക്കാനുള്ള<br><br>അപേക്ഷകളുടെ എണ്ണം |
|---|---|
| ചെക്യാട് | 71 |
| എടച്ചേരി | 284 |
| നാദാപുരം | 173 |
| തൂണേരി | 309 |
| വളയം | 51 |
| വാണിമേൽ | 28 |
| കാവിലുംപാറ | 14 |
| കായക്കൊടി | 56 |
| മരുതൊങ്കര | 6 |
| നരിപ്പറ്റ | 70 |
| വിലങ്ങാട് | 0 |
| തിനൂർ | 0 |